**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 18 — 01.12.2014-ൽ മറുപടിയ്ക്ക്

**<u>സംസ്ഥാന സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം</u>**

| | **ചോദ്യം**<br>ശ്രീ. കെ.എം. ഷാജി<br>,, വി.എം. ഉമ്മർ മാസ്റ്റർ<br>,, പി. ഉബൈദുള്ള<br>,, സി. മമ്മൂട്ടി | | **ഉത്തരം**<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തെക്കുറിച്ച് അനുകൂലമായും, പ്രതികൂലമായും നടന്ന വാദപ്രതിവാദങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | പത്രമാധ്യമങ്ങളിൽ ഇതു സംബന്ധിച്ച് വാർത്തകൾ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിലുള്ള കാഴ്ചപ്പാടും പരിഹാര നിർദ്ദേശങ്ങളും വിശദമാക്കുമോ ; | (ബി) | സെക്രട്ടേറിയറ്റടക്കമുളള എല്ലാ സർക്കാർ ഓഫീസുകളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനസേവനത്തിലധിഷ്ഠിതമാക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിന്റെ ഭാഗമായി ജീവനക്കാരുടെ സേവനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എല്ലാ വിഭാഗം ജീവനക്കാർക്കും ഫലപ്രദമായും സമയബന്ധിതമായും ട്രെയിനിംഗുകൾ നൽകുകയും സെക്രട്ടേറിയറ്റിലെത്തുന്ന ജനങ്ങൾക്ക് ജീവനക്കാരുടെ സേവനം മുടക്കം കൂടാതെ ലഭിക്കുന്നതിനായി പഞ്ചിംഗ് സമ്പ്രദായം കർശനമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. IDEAS എന്ന ഇൻറർനെറ്റ് അധിഷ്ഠിത ഫയൽ ട്രാക്കിംഗ് സിസ്റ്റം സെക്രട്ടേറിയറ്റിൽ വിജയകരമായി നടപ്പിലാക്കിവരുന്നു. ഇതുവഴി പൊതുജനങ്ങൾക്ക് സെക്രട്ടേറിയറ്റിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ തൽസ്ഥിതി സെക്രട്ടേറിയറ്റിൽ വരാതെ തന്നെ അറിയാൻ കഴിയും. പരാതികളുമായി വരുന്ന പൊതുജനങ്ങളെ സഹായിക്കുന്നതിനായി സെക്രട്ടേറിയറ്റിൽ 3 സന്ദർശക സഹായക കേന്ദ്രങ്ങളും ജനങ്ങൾക്ക് ഏതുസമയവും സർക്കാരിനെ സമീപിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററും ഇ-ഓഫീസ് നടപ്പിലാക്കുക വഴി സെക്രട്ടേറിയറ്റിന്റെ ഭരണസമ്പ്രദായം ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികളാണ്. മാത്രമല്ല, സെക്രട്ടേറിയറ്റിൽ ഓരോ ഉദ്യോഗസ്ഥതലത്തിലുമുള്ള ഫയലുകളിൽ നീക്കം ഉറപ്പാക്കാൻ സമയപരിധി നിശ്ചയിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പ്രാബല്യത്തിലുണ്ട്. ഇത്തരം ഭരണനടപടികളിലൂടെയും |

| | | | |
|---|---|---|---|
| | | | അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക വഴിയും ജീവനക്കാർക്ക് മെച്ചപ്പെട്ട സേവന വേതന സൗകര്യങ്ങൾ അനുവദിക്കുന്നതിലൂടെയും സെക്രട്ടേറിയറ്റടക്കമുള്ള സർക്കാർ ജീവനക്കാർ അവരിൽ നിക്ഷിപ്തമായ കടമ നിർവ്വഹിക്കുകയും അർപ്പണബോധത്തോടുകൂടിയും കാര്യക്ഷമമായും സർക്കാർ സേവനം നിർവ്വഹിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | സെക്രട്ടേറിയറ്റിൽ 2014 ഒക്ടോബർ 1-ലെ കണക്കു പ്രകാരം എത്ര ജീവനക്കാരാണുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) | സെക്രട്ടേറിയറ്റിൽ 2014 ഒക്ടോബർ 1-ലെ കണക്കു പ്രകാരം 4795 ജീവനക്കാരാണുള്ളത്. |
| (ഡി) | കാര്യക്ഷമമായ സേവനം നടത്താൻ പ്രാപ്തമാകുംവിധം ജീവനക്കാരുടെ സമീപനത്തിൽ മാറ്റം വരുത്താൻ നടപടികൾ സ്വീകരിക്കുമോ ? | (ഡി) | പൊതുജനങ്ങൾക്ക് കാര്യക്ഷമമായ സേവനം ഉറപ്പുവരുത്തുന്നതിനും ജീവനക്കാരുടെ സമീപനത്തിൽ കൂടുതൽ ഗുണപരമായ മാറ്റം വരുത്തുന്നതിനുമുള്ള നിരവധി ഭരണപരമായ നടപടികൾ സർക്കാർ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ